**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2128** **20-01-2021 - ൽ മറുപടിയ്ക്ക്**

**കിരൺ ആരോഗ്യ സർവ്വെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ കിരൺ(കേരള ഇൻഫർമേഷൻ ഓൺ റസിഡൻസ് ആരോഗ്യം നെറ്റ് വർക്ക്) എന്ന പേരിൽ ഒരു ആരോഗ്യ സർവ്വേ നടത്തിയിരുന്നോ; അതിന്റെ ലക്ഷ്യങ്ങൾ എന്താണെന്നും അത് നിർവ്വഹിക്കപ്പെട്ടത് എപ്രകാരമാണെന്നും അതിനായി ചെലവഴിച്ച തുകയും വിശദമാക്കാമോ; | (എ) | കേരള ഇൻഫർമേഷൻ ഓൺ റസിഡൻസ് ആരോഗ്യം നെറ്റ് വർക്ക് (KIRAN) എന്ന പേരിൽ സംസ്ഥാന ആരോഗ്യ വകുപ്പ് സംസ്ഥാനത്ത് ജീവിത ശൈലീ രോഗങ്ങളുടെ പ്രാചുര്യത്തെ കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചുമുള്ള ഒരു പഠനം നടത്തിയിരുന്നു. സംസ്ഥാനത്ത് ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്താതി മർദ്ദം, ഹൃദ്രോഗം, വൃക്കരോഗം, പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ രോഗങ്ങൾ ദേശീയ ശരാശരിയേക്കാളും ഉയർന്ന തോതിൽ കാണപ്പെടുന്നത് ആശങ്കയോടെയാണ് ആരോഗ്യ വിദഗ്ദർ കാണുന്നത്. ഇവ കണ്ടെത്തുന്നതിനും, ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തെ ജനങ്ങളുടെ ജീവിത ശൈലിയിലും മറ്റും വന്ന കാതലായ മാറ്റങ്ങളെ തുടർന്ന് ഈ രോഗങ്ങളുടെ പ്രാചുര്യം നാൾക്കുനാൾ വർദ്ധിക്കുന്നതായാണ് കണ്ടു വരുന്നത്. ഇതിലേക്ക് നയിക്കുന്ന കാരണങ്ങളെ കുറിച്ചും ഓരോ പ്രദേശത്തെയും ജനങ്ങളുടെ ജീവിത ശൈലിയെ കുറിച്ചും ആധികാരികമായ ഒരു സർവ്വേ ഈ രോഗ നിയന്ത്രണത്തിന്റെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് അത്യന്താപേക്ഷിതമായി വന്നു. ഈ ഉദ്ദേശ ലക്ഷ്യം മുൻനിർത്തിയാണ് കേരളത്തിലെ എല്ലാ പ്രദേശങ്ങളെയും ഉൾകൊള്ളിച്ചു കൊണ്ട് ജനങ്ങളുടെ ഭക്ഷണ രീതി, വ്യായാമ രീതി, ലഹരിയോടുള്ള ആസക്തി, നിലവിലുള്ള രോഗങ്ങൾ, രോഗങ്ങൾക്ക് സ്വീകരിക്കുന്ന ചികിത്സാ മാനദണ്ഡങ്ങൾ മുതലായവയെ കുറിച്ച് പത്തു ലക്ഷം പേരുടെ വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുന്നതിനായാണ് കിരൺ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി നടപ്പിലാക്കിയത് |

| | | | |
|---|---|---|---|
| | | | അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് എന്ന ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ വിഭാഗമാണ്. ആരോഗ്യ വകുപ്പിൽ സേവനം അനുഷ്ഠിക്കുന്ന ഫീൽഡ് വിഭാഗം ജീവനക്കാരായ ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ എന്നിവരാണ് ഭവന സന്ദർശനം നടത്തി ഈ സർവ്വേ നടപ്പിലാക്കുന്നത്. ഇതിന്റെ ഡേറ്റാ ശേഖരണം ഇ-ഹെൽത്ത് നൽകിയിട്ടുള്ള ടാബ് ലെറ്റ് കംപ്യൂട്ടറിലൂടെയും, ഇതിന്റെ ഡേറ്റാ സംഭരിച്ചിരുന്നത് സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്റ്റേറ്റ് ഡേറ്റാ സെല്ലിലുമാണ്. സംസ്ഥാനത്ത് നഗര പ്രദേശങ്ങളെയും ഗ്രാമ പ്രദേശങ്ങളെയും തീരദേശത്തേയും മലയോര പ്രദേശത്തെയും ജനങ്ങളെ ഉൾപ്പെടുത്തി കൊണ്ട് വാർഡുകൾ തെരഞ്ഞെടുത്താണ് ഈ സർവ്വേ നടത്തിയിരുന്നത്. ഇതിന്റെ ഡേറ്റാ അവലോകനം അച്യുത മേനോൻ സെന്റർ സർക്കാരിന് സമർപ്പിക്കുന്നതാണ്. ഇതിന്റെ പരിശീലന പരിപാടികൾ സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററാണ് നിർവഹിച്ചിരുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസിയുടെ ഫണ്ടിൽ നിന്നും 2,58,30,000/- (രണ്ടു കോടി അൻപത്തി എട്ടു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) ഈ പദ്ധതിക്കായി അച്യുത മേനോൻ സെന്ററിനായി കൈമാറിയിട്ടുണ്ട്. ഈ തുകയിൽ 90 ലക്ഷം രൂപയോളം ഡിസംബർ മാസം വരെ ചെലവഴിച്ചിട്ടുണ്ട്. പരിശീലന പരിപാടികൾക്കായി SHSR ന് 93,83,500 രൂപ കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വേയുടെ വിവരങ്ങൾ തത്സമയം കനേഡിയൻ ഏജൻസിയായ പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെർവ്വറിൽ ശേഖരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിനായി സർക്കാർ അനുമതി നൽകിയിരുന്നോ; സർക്കാർ അംഗീകാരം ഇല്ലാതെയാണ് അപ്രകാരം സംഭവിച്ചതെങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നിയമനടപടികൾ വിശദമാക്കാമോ? | (ബി) | കിരൺ സർവ്വേയിലൂടെ ശേഖരിച്ച ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ഇ- ഹെൽത്തിലൂടെ സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് സംഭരിച്ചിരുന്നത്. സംസ്ഥാന സർക്കാരിനും അച്യുത മേനോൻ സെന്ററിനുമൊഴികെ മറ്റാർക്കും ഈ ഡാറ്റ നൽകുന്നതിന് അനുവാദമുണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ 100% ഡാറ്റ സുരക്ഷിതത്വമുള്ള സംസ്ഥാന ഡാറ്റ സെല്ലിൽ നിന്നും കനേഡിയൻ ഏജൻസിയായ പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെർവറിൽ കൈമാറിയെന്നത് വസ്തുതാ വിരുദ്ധമാണ്. ഡാറ്റാ സംഭരണം പൂർത്തിയാകുമ്പോൾ അതിന്റെ വിശകലനം നടത്തുന്നതിന് പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണം തേടുന്നതിന് അച്യുത മേനോൻ സെന്റർ കേന്ദ്ര സർക്കാരിന്റെ ഹെൽത്ത് മിനിസ്റ്റേഴ്സ് സ്ക്രീനിംഗ് കമ്മിറ്റിയുടെ (HMSC) - |

| | | | |
|---|---|---|---|
| | | | യുടെ അനുവാദം ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ നൽകിയിരുന്നു. എന്നാൽ ഈ ആവശ്യം നിരാകരിക്കപ്പെട്ടതോടെ ഇതിനുള്ള നീക്കം സ്വാഭാവികമായും ഉപേക്ഷിക്കപ്പെട്ടു. ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ടവരിൽ നിന്നും നേടിയിട്ടുള്ളതും അതിൽ വിവര ചോർച്ച നടന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ